# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 16**

---

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ.സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തി സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു. പുതിയ കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് രാജ്യത്തെ മുന്നോട്ടു നയിക്കുന്നതിൽ അക്കാദമിക് സമൂഹത്തിന് നിർണായക പങ്കുവഹിക്കാനുണ്ടെന്ന് വൈസ് ചാൻസലർ സ്വാതന്ത്ര്യദിന സന്ദേശത്തിൽ പറഞ്ഞു.

സിൻഡിക്കേറ്റ് അംഗം ഡോ. എ.എസ്. സുമേഷ്, സെനറ്റ് അംഗം എം.എസ്. സുരേഷ്, സർവകാലാശാലയിലെ വകുപ്പ് മേധാവികൾ, അധ്യാപകർ, ജീവനക്കാർ, വിദ്യാർഥികൾ, സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ് പരേഡിന് നേതൃത്വം നൽകി.

**ഫോട്ടോ ക്യാപ്ഷൻ..**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തുന്നു.

(പി.ആർ.ഒ/39/742/2024)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്(2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.................

നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ഡാറ്റാ അനലിറ്റിക്സ്(2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.................
നാലാം സെമസ്റ്റർ ബിആർക്ക്( 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.................
നാലാം സെമസ്റ്റർ എംഎ മലയാളം (പിജിസിഎസ്എസ് 2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.
(പി.ആർ.ഒ/39/743/2024)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിഎസ്സി മൈക്രോബയോളജി(കോർ/കോംപ്ലിമെന്ററി മോഡൽ 3 സിബിസിഎസ്എസ് 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 22 മുതൽ കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

.................
രണ്ടാം സെമസ്റ്റർ എംഎസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്(സിഎസ്എസ്, 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് -അഫിലിയേറ്റഡ് കോളജ് വിദ്യാർഥികൾക്ക് -ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 19ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

............................
രണ്ടാം സെമസ്റ്റർ സിബിസിഎസ് (പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ ബിഎ മ്യൂസിക് വോക്കൽ  പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 21 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

.................
രണ്ടാം സെമസ്റ്റർ ബിഎസ്സി ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്റെറ്റിക്സ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്,  2017 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 22 മുതൽ നടക്കും ടൈം ടേബിൾ വെബ്സൈറ്റിൽ.

.................
രണ്ടാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി(2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2016, 2017 അഡ്മിഷനുകൾ ആദ്യ മേഴ്സി ചാൻസ് ജൂലൈ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ ഏഴു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
(പി.ആർ.ഒ/39/744/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ദ്വിവത്സര എൽഎൽഎം പ്രോഗ്രാമിൽ എസ്.സി, കുശവൻ, മുസ്ലിം വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട ഓരോ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ യോഗ്യത, സംവരണം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളുമായി ഓഗസ്റ്റ് 19ന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ നേരിട്ട് എത്ത

ണം. ഈ സംവരണ വിഭാഗങ്ങളിലെ വിദ്യാർഥികളുടെ അഭാവത്തിൽ മെരിറ്റ്-സംവരണ മാനദണ്ഡങ്ങൾ പാലിച്ച് സർവകലാശാലയുടെ ക്യാറ്റ് പ്രൊവിഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഇതര വിഭാഗങ്ങളിലുള്ള വിദ്യാർഥികളെ പരിഗണിക്കും.
(പി.ആർ.ഒ/39/745/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നും രണ്ടും സെമസ്റ്ററുകൾ എംഎ, എംഎസ്സി, എംകോം(പ്രൈവറ്റ് രജിസ്ട്രേഷൻ 2018 അഡ്മിഷൻ സപ്ലിമെൻ്ററി, 2016, 2017 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷയ്ക്ക് സെപ്റ്റംബർ ആറു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.

ഫൈനോടു കൂടി സെപ്റ്റംബർ ഒൻപതു വരെയും സൂപ്പർ ഫൈനോടു കൂടി സെപ്റ്റംബർ 11 വരെയും അപേക്ഷകൾ സ്വീകരിക്കും.
(പി.ആർ.ഒ/39/746/2024)

## കൗൺസലിംഗ് സൈക്കോളജിസ്റ്റ്; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പായ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ കൗൺസലിംഗ് സൈക്കോളജിസ്റ്റ് തസ്തികയിലെ ഒരൊഴിവിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സൈക്കോളജിയിൽ(ക്ലിനിക്കൽ/കൗൺസലിംഗ്/ അപ്ലൈഡ്) ബിരുദാനന്തര ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം അഭിലഷണീയം. പ്രായം 2024 ജനുവരി ഒന്നിന് അൻപതു വയസ് കവിയരുത്. സംവരണ വിഭാഗങ്ങളിൽ പെട്ടവർക്ക് നിമാനുസൃത വയസിളവ് ലഭിക്കും.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 23 വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/747/2024)

## പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ; 19 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലെ റിസർച്ച് സ്കോളർമാർക്ക് പിഎച്ച്.ഡി കോഴ്സ് കോഴ്സ് വർക്ക് പരീക്ഷയ്ക്ക് റിസർച്ച് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഓഗസ്റ്റ് 19 വരെ നീട്ടി. ഫൈനോടുകൂടി ഓഗസ്റ്റ് 22വരെയും സൂപ്പർ ഫൈനോടുകൂടി 23വരെ അപേക്ഷ സ്വീകരിക്കും. ഫോൺ-0481 2733568. ഇമെയിൽ- aca15@mgu.ac.in

(പി.ആർ.ഒ/39/748/2024)

## എം.എസ്സി യോഗ ആൻ്റ് ജെറിയാട്രിക് കൗൺസലിംഗ്

മഹാത്മാഗാന്ധി സർവ്വകലാശാല നടത്തുന്ന എംഎസ്സി യോഗ ആൻ്റ് ജെറിയാട്രിക് കൗൺസലിംഗ് പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ cyn.mgu.ac.in എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷാ ഫോറം നേരിട്ടോ തപാൽ മുഖേനയോ ഓഗസ്റ്റ് 29നു മുൻപ് സമർപ്പിക്കണം. ഫോൺ-9539427114, 9447569925.

(പി.ആർ.ഒ/39/749/2024)

## ഗാർഡൻ വർക്കർ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഗാർഡൻ വർക്കർ തസ്തികയിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 90 ദിവസത്തേക്കാണ് നിയമനം. പ്രായം 21നും 58നും ഇടയിൽ. വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം അസിസ്റ്റന്റ് രജിസ്ട്രാർ 1(ഭരണ വിഭാഗം)ന് ഓഗസ്റ്റ് 22ന് മുൻപ് നൽകണം.

(പി.ആർ.ഒ/39/750/2024)

## ഇമേജിംഗ് ടെക്നോളജി; അപ്രന്റീസാകാം

പ്രമുഖ ഇമേജിംഗ് ടെക്നോളജി സ്ഥാപനത്തിലേക്ക് അപ്രന്റീസുകളെ തിരഞ്ഞെടുക്കുന്നതിനായി മഹാത്മാ ഗാന്ധി സർവകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ കോട്ടയം മോഡൽ കരിയർ സെന്ററിന്റെ സഹകരണത്തോടെ അഭിമുഖം നടത്തുന്നു.

കൊച്ചിയിൽ 18000 രൂപ സ്റ്റൈപ്പെന്റോടെ ജോലി ചെയ്യാൻ സന്നദ്ധരായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ എന്നിവയിൽ ഏതെങ്കിലും ബ്രാഞ്ചിൽ ബിടെക്കോ ഡിപ്ലോമയോ ഉള്ളവർക്ക് അപേക്ഷിക്കാം. 2021ലോ അതിനു ശേഷമോ വിജയിച്ചവർക്കാണ് അവസരം. ഫോൺ–04812731025, 8075164727.

(പി.ആർ.ഒ/39/751/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**